**സബ്മിഷൻ**

(1) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രവർത്തനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വേമ്പനാട് കായലിൽ നിന്ന് ഖനനം ചെയ്തെടുക്കുന്ന കക്ക ഉപയോഗിച്ച് സിമന്റ് ഉണ്ടാക്കുന്ന ഫാക്ടറിയായി 1949-ൽ പ്രവർത്തനമാരംഭിച്ചതാണ് ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്. ഒരു കാലഘട്ടത്തിൽ കേരളത്തിന്റെ ഏറ്റവും അഭിമാനകരമായ സ്ഥാപനമായി ഇത് വളർന്നതാണ്. ഇന്ത്യയിൽത്തന്നെ വെള്ള സിമന്റിന്റെ മൊണോപൊളി ഈ സ്ഥാപനത്തിനായിരുന്നു. പിന്നീടുവന്ന ചില സാഹചര്യത്തിൽ ഇത് വളരെ സാമ്പത്തിക ക്ലേശത്തിലേയ്ക്ക് പോകുകയാണുണ്ടായത്. ഇന്ന് ഈ സ്ഥാപനം വ്യവസായ വകുപ്പിന്റെ പൂർണ്ണമായ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പഴയ യന്ത്രസാമഗ്രികളും ടെക്നോളജിയും, വൈദ്യുതിയുടെയും പ്രധാനപ്പെട്ട ഇന്ധനമായ ഫെർണസ് ഓയിലിന്റെയും വില വർദ്ധനയും ഈ സ്ഥാപനത്തെ കൂടുതൽ കടക്കെണിയിലാക്കി. 2017 മുതൽ ജീവനക്കാരുടെ മാനേജ്മെന്റ് വിഹിതവും എംപ്ലോയർ വിഹിതവും പി.എഫ്.-ൽ അടച്ചിട്ടേയില്ല. ഇപ്പോൾ 2018 മുതൽ പിരിഞ്ഞ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയും നൽകിയിട്ടില്ല. ഇപ്പോൾ പലർക്കും നാമമാത്രമായ തുക മാത്രമാണ് തവണകളായി

നൽകുന്നത്. ഗ്രാറ്റുവിറ്റി ഇനത്തിൽ 48 പേർക്ക് 1.37 കോടി രൂപ കുടിശ്ശിക കിടക്കുകയാണ്. ജി.എസ്.ടി. കുടിശ്ശിക മാത്രം നാല് കോടി രൂപയായി നിൽക്കുകയാണ്. ജീവനക്കാർക്ക് 2010-ലെ വേജ് ബോർഡ് ശിപാർശയനുസരിച്ചുള്ള ശമ്പളമാണ് ഇപ്പോഴും കൊടുക്കുന്നത്. അതിനുശേഷം 2014-ലും 2018-ലും രണ്ട് വേജ് ബോർഡുകൾ വന്നുവെങ്കിലും ഈ സാധു ജീവനക്കാർക്ക് അതിന്റെ ഒരംശംപോലും കിട്ടിയിട്ടില്ല. രണ്ട് വേജ് ബോർഡുകളുടെ ശിപാർശ നടപ്പാക്കാതെ പോകുകയാണ്. തൽക്കാലം വർക്കിംഗ് ക്യാപ്പിറ്റലായി അവർക്ക് 10 കോടി രൂപയെങ്കിലും കൊടുത്തെങ്കിലേ മുന്നോട്ട് പോകു. അതിനെ പുനരുദ്ധീകരിക്കുന്നതിനുവേണ്ടിയുള്ള നടപടി ആരംഭിക്കണം. ഇവിടെ കേരളത്തിൽ ഏറ്റവും കൂടുതൽ സ്ഥലമുള്ള ഫാക്ടറി അതാണ്. അത് നമുക്ക് വിപുലീകരിക്കുന്നതിനുവേണ്ടിയുള്ള എല്ലാ സാധ്യതകളുമുണ്ട്. ആ സാധ്യതകൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഇതിനെ പൂർവ്വ രൂപത്തിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി മാക്സിമം ശ്രദ്ധചെലുത്തി മുന്നോട്ട് കൊണ്ടുപോകണം. വ്യവസായ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഈ സ്ഥാപനത്തിന്റെ പ്രവർത്തനം തൽക്കാലം മുന്നോട്ട് കൊണ്ടുപോകാൻ ഇപ്പോൾ പത്ത് കോടി രൂപയെങ്കിലും കൊടുത്ത് അതിനെ രക്ഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വസ്തുതാപരമാണ്. ഏറ്റവും വലിയൊരു പ്രതിസന്ധിയിലാണ് കോട്ടയം ജില്ലയിലെ ട്രാവൻകൂർ സിമന്റ്സ്. വെള്ള കക്കയിൽ നിന്ന് ഗ്രേ സിമന്റ് ഉല്പാദിപ്പിച്ചുകൊണ്ടിരുന്ന ഒരു പൊതുമേഖലാ സ്ഥാപനമായിരുന്നു. കക്ക ഖനനം നിർത്തിവയ്ക്കേണ്ടിവന്നതുകൊണ്ട് നിർമ്മാണച്ചെലവിലുണ്ടായ വർദ്ധനവുമൂലം 2000 മുതൽ നഷ്ടത്തിൽ പ്രവർത്തിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ നൽകിക്കൊണ്ടിരുന്ന പ്രവർത്തന മൂലധനം കൊണ്ടാണ് കമ്പനി നിലനിന്നുവന്നത്. വാൾപുട്ടി നിർമ്മാണത്തിലൂടെയും മറ്റ് ചെലവ് ചുരുക്കൽ പദ്ധതി വഴിയും കമ്പനി നിലനിർത്താനുള്ള വലിയ ശ്രമത്തിലാണ്. വിവിധ കുടിശ്ശികയിനത്തിൽ കമ്പനിയുടെ ബാധ്യത 16.64 കോടി രൂപയാണ്. ഈ തുകയ്ക്ക് പുറമേ സർക്കാരിൽ നിന്നും കാലാകാലങ്ങളായി കമ്പനിക്ക് പ്രവർത്തന മൂലധനം ഇനത്തിൽ ലോണായി അനുവദിച്ച് നൽകിയ സംഖ്യ 31.21 കോടി രൂപയും നാളിതുവരെയുള്ളതിന്റെ പലിശ കണക്കുകൂട്ടിയാൽ 21.25 കോടി രൂപയും വരും. പ്രസ്തുത സ്ഥാപനം പ്രതിസന്ധിയിലായപ്പോൾ മലബാർ സിമന്റ്സിൽ നിന്ന് താൽക്കാലിക വായ്പയായി 2 കോടി രൂപയും നൽകി.

2017 നവംബർ മാസം മുതൽ നാളിതുവരെ വിരമിച്ചിട്ടുള്ള ജീവനക്കാർക്ക് (52 പേർ) യഥാസമയം ഗ്രാറ്റുവിറ്റിയും മറ്റാനുകൂല്യങ്ങളും നൽകാൻ സാധിക്കാതെ വന്ന അവസ്ഥയിലായിരുന്നു. 2018 ജൂൺ മാസം മുതൽ വിരമിച്ച 47 ജീവനക്കാരുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക ഏകദേശം 137 ലക്ഷത്തോളം രൂപയാണ് വരുന്നത്. ഇപ്പോൾ നിലനിൽക്കുന്നത് സാമ്പത്തിക പ്രശ്നമാണ്. വിരമിച്ച ക്രമമനുസരിച്ച് പണം കൊടുക്കുന്നതിന് പരമാവധി പരിശ്രമം തുടങ്ങിയിട്ടുണ്ട്. എന്നിരുന്നാലും വളരെയധികം ബുദ്ധിമുട്ട് വിവിധ കാരണങ്ങളാൽ അനുഭവിക്കുന്ന ഒരു സ്ഥാപനമാണത്. അടിയന്തര ആവശ്യങ്ങൾക്കായി സാമ്പത്തിക സഹായം നൽകുന്നുണ്ട്. പക്ഷെ അത് താൽക്കാലികമായി നടത്തിക്കൊണ്ട് പോകാനല്ലാതെ മുൻകാല ബാധ്യതകളോ മറ്റ് കാര്യങ്ങളോ നിർവ്വഹിക്കാനുള്ള സാധ്യത ഇപ്പോഴുണ്ടാകുന്നില്ല. ഈ കാലയളവിൽ വിരമിച്ച ജീവനക്കാരുടെ പി.എഫ്. 2019 ജനുവരി വരെ ഏതാണ്ട് അടച്ചുതീർത്തിട്ടുണ്ട്. ഈ കമ്പനിയിലെ പ്രധാനപ്പെട്ട ഉല്പന്നങ്ങൾ വൈറ്റ് സിമന്റും വാൾപുട്ടിയുമാണ്. 2000-2001 മുതൽ സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന ഈ സ്ഥാപനം സാമ്പത്തികമായി മെച്ചപ്പെടാൻ ഉല്പാദനം കൂട്ടുക എന്നതാണ് പോംവഴി. നഷ്ടം കുറയ്ക്കാൻ ഇപ്പോൾ സാധിച്ചിട്ടുണ്ട്. ഇപ്പോൾ അതിനുവേണ്ടിയുള്ള എല്ലാ തീവ്രശ്രമങ്ങളിലും ഏർപ്പെട്ടിട്ടുണ്ട്. 239

ജീവനക്കാരുള്ള ട്രാവൻകൂർ സിമന്റ്സിൽ വാൾപുട്ടിയുടെ പ്രതിമാസ ഉല്പാദനം 500 ടണ്ണായി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഗ്രേ സിമന്റ് ഉല്പാദിപ്പിക്കാൻ സാധിക്കും. ഗ്രേ സിമന്റും വൈറ്റ് സിമന്റും ഉല്പാദിപ്പിക്കുന്ന കേരളത്തിലെ സ്ഥാപനമാണിത്. അതുകൊണ്ട് ഇതിന്റെ രണ്ടിന്റെയും ഉല്പാദനം വർദ്ധിപ്പിച്ചുകൊണ്ട്, ഉല്പാദനച്ചെലവ് കുറച്ചുകൊണ്ട് ലാഭകരമാക്കി തീർക്കാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. കമ്പനി മെച്ചപ്പെട്ടുവരികയാണ്. ഏതായാലും അങ്ങിവിടെ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഏതെല്ലാം വഴികളിലൂടെ പണം സമാഹരിച്ച് അവിടത്തെ ജീവനക്കാരുടെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് തീർച്ചയായും പരിശോധിക്കാം. ഉല്പാദനം വർദ്ധിപ്പിക്കാനും ലാഭകരമാക്കാനുമുള്ള എല്ലാ ശ്രമങ്ങളും ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. അവിടെയുണ്ടായിട്ടുള്ള കെടുകാര്യസ്ഥതയും ദുർവിനിയോഗവുമെല്ലാം ആ സ്ഥാപനത്തെ നാശത്തിലെത്തിച്ചു. ഇപ്പോൾ അതിൽ നിന്നും കരകയറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അങ്ങ് പറഞ്ഞിട്ടുള്ള കാര്യം നടപ്പിലാക്കാനുള്ള എല്ലാ ശ്രമങ്ങളുമുണ്ടാകും.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, കമ്പനിയുടെ ഉടമസ്ഥതയിലുള്ളതും ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നതുമായ എറണാകുളത്തെ വിലപിടിപ്പുള്ള സ്ഥലം വിറ്റ് തുക വാങ്ങണമെന്ന ഒരു നിർദ്ദേശമുണ്ട്. ആ നിർദ്ദേശം സർക്കാർ പരിഗണിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഒരു സ്ഥാപനത്തിന്റെ സ്വത്ത് വളരെ വേഗം വിൽക്കാൻ ഒരു പക്ഷെ നമ്മൾ വിചാരിച്ചാൽ സാധിച്ചേക്കും. പക്ഷെ ഒരിക്കലും അതാകരുത് നമ്മുടെ ലക്ഷ്യം. ഈ വിഷയം ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുള്ളതാണ്. തൊഴിലാളി യൂണിയനുകൾ മുന്നോട്ടുവച്ച കാര്യമാണ്. അത് താത്കാലികാശ്വാസം മാത്രമേയാകൂ. പക്ഷെ നമുക്ക് ആ വ്യവസായം നിലനിർത്തണം. എങ്കിലും ഈ പറഞ്ഞ കാര്യങ്ങളുൾപ്പെടെ പരിശോധിച്ചുകൊണ്ട് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്കുതന്നെ ആ സ്ഥലം കൈമാറി താത്കാലികമായി പണം അഡ്ജസ്റ്റ് ചെയ്ത് ഈ സ്ഥാപനത്തെ രക്ഷിക്കാനുള്ള വഴി ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അതുപോലെതന്നെ അത് ലാഭകരമാക്കി പ്രവർത്തിപ്പിക്കാൻ തീർച്ചയായും സാധിക്കും. ഇപ്പോൾ അതിനുവേണ്ടിയുള്ള ഒരു പദ്ധതി മുന്നോട്ടുവച്ചിട്ടുണ്ട്. 25 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കുകയാണെങ്കിൽ ഒരു വർഷംകൊണ്ട് നഷ്ടം നികത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതായാലും പ്രസ്തുത കാര്യം സജീവ പരിഗണനയിലുണ്ട്. അത് പബ്ലിക്കിന് നൽകാനല്ല, ഗവൺമെന്റിനോ മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിനോ നൽകാൻ.... കാരണം, മലബാർ സിമന്റ്സ് തന്നെ രണ്ട് കോടി രൂപ കൊടുത്ത് പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്.

യൂണിയനുകളെല്ലാം ഇക്കാര്യം ചർച്ച ചെയ്തിട്ടുള്ളതാണ്. കാക്കനാട് നല്ല വില ലഭിക്കുന്ന പ്രദേശത്താണ് സ്ഥലമുള്ളത്. എല്ലാ കാര്യങ്ങളും തീർച്ചയായും പരിശോധിക്കും.

(2) കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2013 -ലാണ് കൊണ്ടോട്ടി താലൂക്ക് നിലവിൽ വന്നത്. പ്രസ്തുത താലൂക്കിന് ഒരു മിനിസിവിൽ സ്റ്റേഷൻ വേണമെന്നുള്ളത് വളരെക്കാലമായുള്ള ആവശ്യമാണ്. അത് ഇന്നേവരെ നിറവേറ്റപ്പെട്ടിട്ടില്ല. മൂന്ന് അസംബ്ലി നിയോജകമണ്ഡലങ്ങളിലായി കൊണ്ടോട്ടി മുനിസിപ്പാലിറ്റിയും 10 ഗ്രാമപഞ്ചായത്തുകളിലും വ്യാപിച്ച് കിടക്കുന്ന ഈ താലൂക്കിന്റെ താലൂക്ക് ഓഫീസ് പോലും പ്രവർത്തിക്കുന്നത് പഴയ നെടിയിരിപ്പ് പഞ്ചായത്തിലെ ഇടുങ്ങിയ പഞ്ചായത്താഫീസ് കെട്ടിടത്തിലാണ്. താലൂക്കിന്റെ പരിധിയിലുണ്ടാകേണ്ട മറ്റ് ഓഫീസുകൾ വിവിധ ഭാഗങ്ങളിലായി ചിന്നിച്ചിതറി കിടക്കുകയാണ്. വാടക കെട്ടിടത്തിലാണ് അധികവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ലീഗൽ മെട്രോളജി ഓഫീസ്, അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ്, സപ്ലൈ ഓഫീസ്, ഫുഡ് സേഫ്റ്റി ഓഫീസ് അടക്കമുള്ള എല്ലാ ഓഫീസുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. താലൂക്കിന് ഒരു മിനി സിവിൽ സ്റ്റേഷൻ

വേണമെന്നുള്ള ആവശ്യം ശക്തമായി വരികയും ഇതിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. എം.എൽ.എ.-യുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്ന് രണ്ട് കോടിരൂപ ഇതിനുവേണ്ടി വകയിരുത്തുകയും ചെയ്തു. എല്ലാ സർക്കാർ ഓഫീസുകളും ഒരു കുടക്കീഴിൽ വന്നാൽ ജനങ്ങൾക്ക് വളരെ ഉപയോഗപ്രദമാകുമെന്നത് പ്രത്യേകം പറയേണ്ടതില്ല. എം.എൽ.എ.-യുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടുപയോഗിച്ച് മിനിസിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിന് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 90 സെന്റ് സ്ഥലം അതിനായി കണ്ടെത്തുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം വെറ്റ് ലാന്റാണെന്ന് പറഞ്ഞ് അനുമതി നിഷേധിച്ചിരിക്കുകയാണ്. പൊതുആവശ്യങ്ങൾക്കുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി തരംമാറ്റാം എന്നത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണ്. എന്നാൽ അത് പ്രസ്തുത സ്ഥലത്തിന് ബാധകമാക്കിയിട്ടില്ല. ഒന്നുകിൽ ഗവൺമെന്റ് പ്രത്യേകമായ അനുമതി തരികയോ അല്ലെങ്കിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുത്തുകൊണ്ടോ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. അവിടെ പ്രവർത്തനങ്ങൾ ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിതന്നെ മലപ്പുറം ജില്ലാ

കളക്ടറടക്കമുള്ള ഉദ്യോഗസ്ഥരെയുൾപ്പെടുത്തി പ്രത്യേക യോഗം ചേരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ടി. വി. ഇബ്രാഹിം മലപ്പുറം കൊണ്ടോട്ടി താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കൊണ്ടോട്ടി താലൂക്കിൽ സർക്കാർ ഭൂമി ലഭ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് വിട്ടുനൽകാൻ തയ്യാറായ റീ സർവ്വെ 376-ൽ 1 ഉൾപ്പെട്ട 50 സെന്റ് സ്ഥലം പരിഗണിച്ചിരുന്നുവെങ്കിലും നെൽവയലായതിനാൽ മറ്റൊരു കരഭൂമി കണ്ടെത്തണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ശിപാർശ കൃഷി വകുപ്പ് നിരസിച്ച് ഉത്തരവായി. ഈ സാഹചര്യത്തിൽ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ കരഭൂമി കണ്ടുപിടിച്ച് സ്കെച്ച് സഹിതമുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണർ മലപ്പുറം ജില്ലാ കളക്ടറോട് നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ബംഗ്ലാത്ത് മുഹമ്മദ്, മമ്മീര്യം എന്നിവരുടെ കൈവശത്തിലുള്ള കൊണ്ടോട്ടി താലൂക്കിലെ കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12 റീസർവ്വെ 105-ൽ

5-ൽപെട്ട 1.20 ഹെക്ടർ വിസ്തീർണ്ണമുള്ള പുരയിടം ഇനത്തിൽപ്പെട്ട ഭൂമി 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഭൂമിയേറ്റെടുക്കുന്നതിന് അനുമതിക്കായി ലാന്റ് റവന്യൂ കമ്മീഷണർക്ക് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ അടിയന്തരമായി സർക്കാരിന് ലഭ്യമാക്കി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ആവശ്യമാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗമുൾപ്പെടെ വിളിച്ചുചേർക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

(3) <u>എക്കൽ നീക്കം ചെയ്യൽ</u>

ചീഫ് വിപ്പ് (<u>ശ്രീ. കെ. രാജൻ</u>): സർ, കേരളത്തിലെ പ്രധാന ജലസേചന പദ്ധതിയായ പീച്ചി ജലസേചന പദ്ധതിക്ക് ഐക്യകേരളത്തിലെ ആദ്യ ഗവൺമെന്റ് രൂപീകരിച്ചതിനോളം കാലപ്പഴക്കമുണ്ട്. 1957-ലാണ് പീച്ചി ഡാം കമ്മീഷൻ ചെയ്യുന്നത്. 213.36 മീറ്റർ നീളവും 40.84 മീറ്റർ ഉയരവുമുള്ള പീച്ചി ഡാമിന്റെ പരമാവധി ജലസംഭരണശേഷി 94.946 മില്യൺ ക്യൂബിക് മീറ്ററും റിസർവോയറിന്റെ വിസ്തീർണ്ണം 12.95 ചതുരശ്ര കിലോമീറ്ററുമാണ്. ഈ ഡാമിന് വലതുകര കനാലിന്റെ സ്ലൂയിസ്, ഇടതുകര കനാലിന്റെ സ്ലൂയിസ്, കുടിവെള്ളം വിതരണം ചെയ്യുന്ന സ്ലൂയിസ്, പുഴയിലേയ്ക്ക് ജലം തുറന്നുവിടുന്ന സ്ലൂയിസ് എന്നീ നാല്

ജലനിർഗ്ഗമന മാർഗ്ഗങ്ങളാണുള്ളത്. തൃശ്ശൂർ ജില്ലയിലെ 34 വില്ലേജുകൾക്ക് ജലസേചന സൗകര്യമൊരുക്കുന്ന ഒരു കേന്ദ്രമാണ് പീച്ചി ഡാം. വലതുകര കനാൽ ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിൽ 25 വില്ലേജുകൾക്കും ഇടതുകര കനാൽ ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിലെ 9 വില്ലേജുകൾക്കും കൃഷിക്കാവശ്യമായ ജലസേചന സൗകര്യം ഇപ്പോൾ ഒരുക്കുന്നുണ്ട്. കൃഷിക്കാവശ്യമായ ജലസേചന സൗകര്യമൊരുക്കുമ്പോൾ അതിന്റെ ഭാഗമായി കിണറുകൾ റീ ചാർജ്ജ് ചെയ്യുന്നതിന്റെ ഫലം കൂടി ഉണ്ടാകുമെന്നുള്ളതുകൊണ്ട് കുടിവെള്ളത്തിന്റെ സ്രോതസ്സായും പീച്ചി ഡാം ആ അർത്ഥത്തിൽ മാറുന്നു. ഇതിനുപുറമേ ഈ പദ്ധതിയിൽ നിന്നും വാട്ടർ അതോറിറ്റി പ്രതിവർഷം 10 മില്യൺ ക്യൂബിക് മീറ്റർ വെള്ളമെടുത്ത് തൃശ്ശൂർ കോർപ്പറേഷനിലും സമീപ പഞ്ചായത്തിലും കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. കനാലുകളുടെയും സ്ലൂയിസുകളുടെയും ഷട്ടറുകളുടെയും അറ്റകുറ്റപണിക്കാവശ്യമായ ഫണ്ട് സമയത്ത് ലഭിക്കാത്തതുമൂലവും കനാലിന്റെ ചില ഭാഗങ്ങൾ യഥാസമയം ലൈനിംഗ് നടത്താത്തതുമൂലവും ധാരാളം ജലം പാഴായിപ്പോകുന്ന സ്ഥിതിയാണുള്ളത്. പീച്ചി ഡാമിൽ 16% എക്കൽ അടിഞ്ഞുകൂടി കിടക്കുന്നുണ്ടെന്നാണ് പ്രാഥമിക പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എക്കൽ നീക്കംചെയ്താൽ ഡാമിൽ സംഭരിക്കുന്ന ജലത്തിന്റെ അളവ് വർദ്ധിപ്പിക്കാൻ സാധിക്കും. എക്കൽ നീക്കം ചെയ്ത് ലേലം

നടത്തിയാൽ ഒരുപക്ഷെ ഡാമിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സമ്പൂർണ്ണ സംഖ്യയും സർക്കാരിന് സമാഹരിക്കാൻ കഴിയുന്ന സാധ്യതയുമുണ്ട്. പീച്ചി പദ്ധതിയോടനുബന്ധിച്ച് ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ അവിടെ പ്രവർത്തിക്കുന്നുണ്ട്. പ്രതിവർഷം ഏകദേശം 15 ലക്ഷത്തോളം വിനോദസഞ്ചാരികൾ അവിടെ എത്തിച്ചേരുന്നുവെന്നാണ് പ്രാഥമിക കണക്ക്. പീച്ചിയുടെ സൗന്ദര്യവത്കരണത്തിനുവേണ്ടി, അങ്ങേയ്ക്കറിയാവുന്നതുപോലെ, അങ്ങ് കൂടി ഇടപെട്ട് ടൂറിസം വകുപ്പ് അനുവദിച്ച അഞ്ച് കോടി രൂപയുടെ പ്രവർത്തനങ്ങൾ അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ ഇറിഗേഷൻ വകുപ്പിന്റെ ഗസ്റ്റ് ഹൗസും റസ്റ്റ് ഹൗസുമുണ്ട്. ഈ പദ്ധതി പ്രദേശത്താണ് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. മൂന്ന് മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഒരു മിനി ഹൈഡ്രൽ പ്രോജക്ടും ഇവിടെ നിലനിൽക്കുന്നുണ്ട്. ഇത്രയും പ്രാധാന്യമുള്ള ഒരു ഭാഗത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ വേണ്ടതുപോലെയില്ല എന്നുള്ളതാണ് രണ്ട് പ്രളയങ്ങളിൽ നമ്മൾ നോക്കിക്കണ്ടൊരു പ്രധാനപ്പെട്ട വസ്തുത. എന്നുമാത്രമല്ല, ടൂറിസവും ഇറിഗേഷനും കൂട്ടിയോജിപ്പിച്ചാൽ ഈ പ്രദേശത്തെ കേരളത്തിൽ തന്നെ ഏറ്റവും ശ്രദ്ധേയമായി മാറ്റാൻ വേണ്ടി കഴിയും. അങ്ങ് ഇടപെട്ട് ചില നടപടികൾ നടത്തിയതിന്റെ ഭാഗമായി

അവിടെയിപ്പോൾ ആ കാര്യങ്ങളിൽ ചെറിയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. തുടർപ്രവർത്തനങ്ങൾ നമ്മളെല്ലാവരും കൂടി ചേർന്ന യോഗത്തിന്റെ ഭാഗമായി ഇറിഗേഷൻ വകുപ്പെടുക്കും എന്ന പ്രതീക്ഷയാണുള്ളത്. രണ്ടാംഘട്ടത്തിലുള്ള ചെറിയ പ്രളയമുണ്ടായപ്പോൾ ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഞാനും അവിടെ സന്ദർശിച്ചു. ദിവസങ്ങളോളമാണ് അവിടത്തെ ഡാം തുറന്നുവിടുന്ന സ്ഥിതിയുണ്ടായത്. അത്രയും തുറന്നുവിട്ടില്ലെങ്കിൽ ഡാമിലെ വെള്ളം വർദ്ധിക്കുമെന്നുള്ളതുകൊണ്ടാണ്. ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ വാട്ടർ അതോറിറ്റി പ്രതിവർഷം ഏതാണ്ട് 10 മില്യൺ ക്യൂബിക് മീറ്റർ വെള്ളമെടുത്ത് കുടിവെള്ളത്തിനുവേണ്ടി വിതരണം ചെയ്യുന്നുണ്ടെങ്കിലും അതിൽ മഹാഭൂരിപക്ഷവും പോകുന്നത് കോർപ്പറേഷന്റെ ഭാഗത്തേയ്ക്കാണ്. കോർപ്പറേഷൻ എന്റെ കൂടി മണ്ഡലത്തിന്റെ ഭാഗമാണ്. പക്ഷേ പീച്ചി നിലനിൽക്കുന്ന പഞ്ചായത്തായ പാണഞ്ചേരി ഉൾപ്പെടെയുള്ള ചുറ്റുവട്ടത്തെ പഞ്ചായത്തുകളിൽ കടുത്ത കുടിവെള്ളക്ഷാമത്തിനാവശ്യമായ വെള്ളം വിതരണം ചെയ്യാൻ നമുക്ക് കഴിയാതെ പോകുകയാണ്. പീച്ചി ഡാമിന്റെ പേരിൽ ഏതെങ്കിലും തരത്തിലുള്ള പ്രാദേശികവാദമല്ല ഞാൻ ഉന്നയിക്കുന്നത്. പക്ഷെ വെള്ളത്തിന്റെ സംഭരണശേഷി വർദ്ധിപ്പിച്ചാൽ ഡാമിന്റെ കുടിവെള്ളം കൂടുതലായി വിതരണം ചെയ്യാനും 34

വില്ലേജുകൾക്ക് ഉപകാരപ്രദമായിട്ടുള്ള കൃഷി അത് നെൽകൃഷിയാണെങ്കിലും പച്ചക്കറികൃഷിയാണെങ്കിലും മറ്റുതരത്തിലുള്ള കൃഷിയാണെങ്കിലും വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കാൻ വേണ്ടി സാധിക്കും. അങ്ങേയ്ക്ക് ഈ പ്രശ്നങ്ങളെല്ലാം അറിയുന്നതാണ്. അന്ന് അവിടെ നേരിട്ടുവന്ന് തന്നെ ഈ കാര്യങ്ങൾ വിലയിരുത്തുകയും ചെയ്തതാണ്. എന്റെ ഒരു അഭ്യർത്ഥന, ഈ സാഹചര്യത്തിൽ ഡാമിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്താൽ ഡാമിന്റെ സംഭരിക്കാനുള്ള വെള്ളത്തിന്റെ അളവ് വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കും. അങ്ങ് അവിടെ വന്ന് കർഷകരുമായി നടത്തിയ തുടർച്ചയായ ചർച്ചകൾ വലിയ ഗുണം ചെയ്തു. ധാരാളമായ സ്ഥലം വിട്ടുകൊടുത്ത പ്രദേശത്തെ ആളുകൾക്ക് ഇപ്പോഴും കുടിവെള്ളമില്ല. അങ്ങയുടെ നിർദ്ദേശപ്രകാരം അതിന്റെ ഒരു പദ്ധതി ഇപ്പോൾ തയ്യാറായി വരികയാണ്. നമുക്ക് കനാലുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഡാമിന്റെ എക്കൽ നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചാൽ കുടിവെള്ളവിതരണത്തിനും ജലസേചനത്തിനും വലിയ മാർഗ്ഗമുണ്ടാകുമെന്ന് മാത്രമല്ല, പീച്ചി ഡാമിന്റെ യഥാർത്ഥ ലക്ഷ്യപൂർത്തീകരണം സാധിക്കുമെന്നുള്ളതുകൊണ്ട് അത്തരമൊരു നടപടിയിലേയ്ക്ക് പ്രത്യേകിച്ച് കൃഷിയിൽ പ്രത്യേക താല്പര്യമെടുക്കുന്ന അങ്ങയുടെ ഭാഗത്തുനിന്ന് ഒരു

സമീപനമുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ച വളരെ ഗൗരവമായി തന്നെ പരിശോധിക്കുന്നതാണ്. പീച്ചി ഡാമിൽ 2013-ൽ നടത്തിയ സെഡിമെന്റേഷൻ പഠനത്തിൽ വ്യക്തമാകുന്നത് ഏകദേശം 14% ചെളി അടിഞ്ഞ് കൂടിയതായിട്ടാണ്. പ്രളയശേഷം 2018-ൽ നടത്തിയ പഠനത്തിൽ താഴെത്തട്ടിലേക്ക് പോകുന്തോറും സംഭരണശേഷി കുറഞ്ഞുവരുന്നതായും മുകളിലേയ്ക്ക് പോകുന്തോറും ശേഷി കൂടി വരുന്നതായും കണ്ടെത്തിയിട്ടുണ്ട്. 63.70 മീറ്ററിൽ താഴേയ്ക്ക് പോകുമ്പോഴാണ് സംഭരണിയുടെ ശേഷി കുറഞ്ഞ് വരുന്നതായി കാണപ്പെടുന്നത്. പീച്ചി പദ്ധതിയിൽ എസ്.ഡി.ആർ.എഫ്. പ്രവൃത്തികൾ നടത്തിയതിന്റെ ഫലമായി ജലവിതരണത്തിലുണ്ടായിരുന്ന ജലനഷ്ടം കുറയ്ക്കാനായിട്ടുണ്ട്. പീച്ചി പദ്ധതിയ്ക്ക് വേണ്ടി നോൺ പ്ലാനിൽ ഉൾപ്പെടുത്തി 650 ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ച് കനാലുകളുടേയും ഡാമിന്റേയും അനുബന്ധ നിർമ്മിതികളുടേയും അടിയന്തര അറ്റകുറ്റ പണികൾ നടത്തി വരുന്നു. കൂടാതെ എസ്.ഡി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി 92 പ്രവൃത്തികൾക്കായി 1199.86 ലക്ഷം രൂപയുടെ കനാൽ അറ്റകുറ്റപണികൾ നടപ്പിലാക്കി വരുന്നു.

കഴിഞ്ഞ 3 വർഷം കൊണ്ട് ഏകദേശം 250 ഹെക്ടറോളം പ്രദേശത്തേയ്ക്ക് ജലസേചന സൗകര്യം അധികമായി നൽകുവാൻ സാധിച്ചിട്ടുണ്ട്. ഡാമിന്റെ സൗന്ദര്യവത്കരണത്തിനായി 10 ലക്ഷം രൂപയുടെ ഒരു പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഡാമിന്റെ നാല് ഷട്ടറുകളിൽ രണ്ട് ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ ഡാമുകളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണലും ചെളിയും നീക്കം ചെയ്യാനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ 26.09.2017-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം മംഗലം ഡാമിലെ മണലും ചെളിയും നീക്കം ചെയ്യുന്നതിന് ആഗോള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. തികച്ചും സുതാര്യമായ പ്രക്രിയയിലൂടെ സാങ്കേതിക പഠനത്തിന്റെ പിൻബലത്തിൽ ക്രമപ്പെടുത്തിയ ഈ ഡീസിൽറ്റേഷൻ പ്രക്രിയ സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാക്കുന്നില്ല. എന്നാൽ സർക്കാരിന് വരുമാനം ലഭിക്കുകയും ചെയ്യും. പ്രളയ നിയന്ത്രണത്തിനും സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന ഈ പ്രക്രിയ നമ്മുടെ രാജ്യത്തുതന്നെ ആദ്യത്തേതാണ്. മറ്റ് പത്ത് റിസർവോയറുകളിലെ ഡീസിൽറ്റേഷൻ നടത്തുന്നതിന് വേണ്ടിയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. കൂടാതെ ജലസേചനവകുപ്പിന് കീഴിലുള്ള ആറ് ചെക്ക്

ഡാം/റെഗുലേറ്റർ എന്നിവയിൽ പ്രളയകാലത്ത് അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്നതിന് 08.11.2019-ലെ G.O(Rt)No.50/2019/WRD ഉത്തരവിലൂടെ അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത് ഇവിടെയും ചെയ്യാവുന്നതാണ്.

(4) പൂരപ്പുഴയിൽ റെഗുലേറ്റർ

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരള സംസ്ഥാനം നിലവിൽ വന്നതിനുശേഷം അധികാരത്തിലെത്തിയ ആദ്യത്തെ സർക്കാരിന്റെ കാലം മുതൽ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ് ഞാൻ സബ്മിഷനായി ഇവിടെ അവതരിപ്പിക്കാൻ പോകുന്നത്. 1957-ലെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയായിരുന്ന ജസ്റ്റിസ്. വി. ആർ. കൃഷ്ണയ്യരുടെ കാലത്ത് അന്നത്തെ ഐക്യകർഷകസംഘം കമ്മ്യൂണിസ്റ്റ് പാർട്ടിയും സംയുക്തമായി ഒരു നിവേദനം നൽകുകയുണ്ടായി. താനൂർ പരിയാപുരം വില്ലേജിൽപ്പെട്ട പൂരപ്പുഴയിൽ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുവേണ്ടിയായിരുന്നു ആ നിവേദനം. ഏകദേശം 1400 ഓളം ഏക്കർ വരുന്ന കൃഷി സ്ഥലവും അതുമായി ബന്ധപ്പെട്ട് മൂന്ന് താലൂക്കുകളിലെ കുടിവെള്ളവുമായി ബന്ധപ്പെട്ട കാര്യങ്ങളും പരിഹരിക്കുന്നതിനുവേണ്ടിയിട്ടായിരുന്നു ഈ നിവേദനം. വേനൽക്കാലമായാൽ

ഉപ്പുകയറി ഈ ഭാഗങ്ങളിലെല്ലാം കൃഷി നശിക്കുന്ന ഒരു അവസ്ഥയാണ്. 1957 മുതൽ ആവശ്യപ്പെടുന്ന ഈ കാര്യം ഇത്തവണയെങ്കിലും ബഡ്ജറ്റിലുണ്ടാവണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നതോടൊപ്പംതന്നെ നിലവിൽ ഇതുമായി ബന്ധപ്പെട്ട നിരവധി നിവേദനങ്ങൾ തന്നതാണ്. അതിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുള്ളതറിയാൻ താല്പര്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താനൂർ നിയോജകമണ്ഡലത്തിലെ പെരിയാപുരം, താനൂർ വില്ലേജുകൾ ഉൾപ്പെട്ട പ്രദേശങ്ങളിൽ ഉപ്പുവെള്ളം കലരുന്നത് തടയുവാൻ വേണ്ടി 2017-ൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പൂരപ്പുഴ റെഗുലേറ്റർ എന്ന പ്രവൃത്തി കനോലി കനാലിന്റെ പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻവേണ്ടിയുള്ളതാണ്. 21.02.2018 പ്രകാരം ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ച് എസ്റ്റിമേറ്റ് പ്രകാരം ബോർഹോളുകൾ എടുത്ത് തുടർനടപടികൾ സ്വീകരിച്ചുവെങ്കിലും റെഗുലേറ്ററിന് നിർദ്ദേശിക്കപ്പെട്ട സ്ഥാനം സാങ്കേതികകാരണങ്ങളാൽ അനുയോജ്യമല്ലെന്ന് കണ്ടെത്തുകയുണ്ടായി. ആയതിനാൽ പുതിയ സ്ഥലത്ത് റെഗുലേറ്റർ നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള സാധ്യത പരിശോധിച്ച് കൊണ്ടിരിക്കുകയാണ്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത്

സമയബന്ധിതമായി പുതിയ സൈറ്റ് കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇത് ബഡ്ജറ്റിൽ ഉൾപ്പെടുത്താൻവേണ്ടിയുള്ള കത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കൊടുത്തിട്ടുണ്ട്.

(5) പൈപ്പ്ലൈൻ റോഡ് പുനരുദ്ധാരണം

ശ്രീ. അൻവർ സാദത്ത്: സർ, എന്റെ മണ്ഡലത്തെയും അതുപോലെ കളമശ്ശേരി നിയോജകമണ്ഡലത്തെയും കൂടി ബാധിക്കുന്ന ഒരു പ്രശ്നമാണിത്. ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിം കുഞ്ഞ് എം.എൽ.എ.-യും ഈ വിഷയം എന്നോട് സൂചിപ്പിക്കുകയും അതുപോലെ ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുള്ള ഒരു കാര്യമാണ്. ആലുവ മുതൽ പാലാരിവട്ടം വരെ പൈപ്പ്ലൈൻ റോഡുണ്ട്. അത് ആലുവ മണ്ഡലത്തിലും കളമശ്ശേരി മണ്ഡലത്തിലും കൂടെ പോകുന്ന പൈപ്പ് ലൈൻ റോഡാണ്. ആ റോഡ് വളരെ മോശവും താറുമാറായും കിടക്കുകയുമാണ്. വാഹന സഞ്ചാരയോഗ്യമില്ലാതെ, ഇന്ന് വലിയ ബുദ്ധിമുട്ട് നേരിട്ടുകൊണ്ടാണ് ജനങ്ങൾ ആ റോഡിനെ ആശ്രയിച്ചുപോകുന്നത്. ആലുവയിലെ കുന്നത്തേരി, തൊട്ടപ്പുറത്തുള്ള കളമശ്ശേരി ഈ ഭാഗത്തൊക്കെ ജനങ്ങൾ നിരന്തരമായി യാത്ര ചെയ്യുന്ന ഒരു റോഡാണ്. ഈ റോഡ് പണിയുന്നതിന് സ്വാഭാവികമായി എം.എൽ.എ. ഫണ്ടിൽ

നിന്നും തുക കൊടുക്കാൻ ഞാൻ തയ്യാറാണ്. ജില്ലാ പഞ്ചായത്തിന്റെയും ഫണ്ട് അവിടെ അനുവദിച്ചിട്ടുണ്ട്. അതുപോലെ ബഹുമാന്യനായ വി. കെ. ഇബ്രാഹിം കുഞ്ഞ് എം.എൽ.എ.-യും ഫണ്ട് കൊടുക്കാൻ തയ്യാറായി കൊടുത്തിട്ടുണ്ട്. അങ്ങനെയൊക്കെ ഫണ്ട് കൊടുക്കുന്ന സാഹചര്യമുണ്ടാകുമ്പോൾ അവിടെ തടസ്സം വരുന്നത് വാട്ടർ അതോറിറ്റിയാണ്. വാട്ടർ അതോറിറ്റി റോഡ് പണിയാൻ ഫണ്ട് ഒട്ടും കൊടുക്കുകയുമല്ല. വാട്ടർ അതോറിറ്റിയുടെ സാമ്പത്തികബുദ്ധിമുട്ട് നമുക്കറിയാം. എന്നാൽ ആരെങ്കിലും കൊടുക്കാമെന്ന് പറഞ്ഞാൽ അതിന് ഇതുപോലെ തടസ്സം നിൽക്കുകയും ചെയ്യും. പച്ചമലയാളത്തിൽ പറഞ്ഞാൽ തിന്നുകയുമല്ല, തീറ്റിക്കുകയുമില്ല എന്നൊരു അവസ്ഥയാണ് പൈപ്പ് ലൈൻ റോഡിന്റെ കാര്യത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയും ഡിപ്പാർട്ട്മെന്റും പറയുന്നുണ്ട് - ഡെപ്പോസിറ്റ് വർക്ക്. പൈസ ഡെപ്പോസിറ്റ് ചെയ്യാമെന്നും വർക്ക് ചെയ്യാമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ പറയുന്നുണ്ട്. പക്ഷെ ഡെപ്പോസിറ്റ് വർക്ക് ചെയ്യുമ്പോൾ വാട്ടർ അതോറിറ്റി എടുക്കുന്ന എസ്റ്റിമേറ്റ് വലിയ എസ്റ്റിമേറ്റാണ്. രണ്ട്, ഡെപ്പോസിറ്റ് വർക്ക് എന്നുപറയുമ്പോൾ അവിടെ ഡെപ്പോസിറ്റ് ചെയ്ത് അതിന് കുറേ നടപടിക്രമങ്ങളുണ്ട്, അപ്പോൾ കാലതാമസമുണ്ടാകും. നേരെ മറിച്ച് നമ്മൾ ആവശ്യപ്പെടുന്നത് ജില്ലാ പഞ്ചായത്തോ എം.എൽ.എ. ഫണ്ടോ അല്ലെങ്കിൽ

പി.ഡബ്ല്യു.ഡി.-യുടെ മറ്റുള്ള ഫണ്ടോ ഏതെങ്കിലും ഫണ്ട് അനുവദിച്ചാൽ നമുക്ക് വേണ്ടത് വാട്ടർ അതോറിറ്റിയുടെ എൻ.ഒ.സി. ആണ്. പി.ഡബ്ല്യു.ഡി.-യുടെ ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് റോഡ് ചെയ്യാൻ പോകുമ്പോൾ പഞ്ചായത്ത് എൻ.ഒ.സി. തരുന്നു. അതുപോലെ ഇറിഗേഷന്റെ റോഡ് ചെയ്യാൻ പോകുമ്പോൾ അവർ എൻ.ഒ.സി. തരുന്നു. അവിടെയൊന്നും യാതൊരു പ്രശ്നവുമില്ല. വാട്ടർ അതോറിറ്റി സ്വാഭാവികമായി ഉന്നയിക്കുന്ന പ്രശ്നം പൈപ്പ് ലൈൻ റോഡിലൂടെ വലിയ പൈപ്പുകൾ പോകുന്നതുകൊണ്ട് അതിന് കേടുപാടുകൾ സംഭവിക്കുമെന്നാണ് പറയുന്നത്. എന്നാൽ അവിടെ നിലവിൽ ടാർ ചെയ്തിട്ടുമുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും സഭയോടും പറയാനുള്ളത്, പ്രസ്തുത പ്രവൃത്തി ചെയ്യാൻ വാട്ടർ അതോറിറ്റിയുടെ എൻ.ഒ.സി. തരണമെന്നാണ്. റോഡ് പണി നടക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശപ്രകാരം വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥരെ മോണിറ്റർ ചെയ്യാൻ നിയമിച്ചാൽ മതി. വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുമെന്ന നിബന്ധനയും കൂടി ഉൾപ്പെടുത്തി എൻ.ഒ.സി. കൊടുത്താൽ മതി. അങ്ങനെ നിബന്ധന വയ്ക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു തർക്കവുമില്ല. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്നവർ ആരാണോ; ഏത് എഞ്ചിനീയറിംഗ് വിഭാഗം ചെയ്യുന്നുവോ

അവർക്കും തടസ്സമുണ്ടാകില്ല. കാരണം, ഈ പൈപ്പ് ലൈനിന്റെ സുരക്ഷിതത്വം നമുക്കെല്ലാവർക്കും ആവശ്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടുകൊണ്ട് തീരുമാനം പറയാൻ ആഗ്രഹിക്കുന്നു. വാട്ടർ അതോറിറ്റി, ഈ പൈപ്പ് ലൈൻ റോഡുകൾക്ക് ഫണ്ട് ആര് അനുവദിച്ചാലും എം.എൽ.എ., ജില്ലാ പഞ്ചായത്ത്, പഞ്ചായത്ത് മറ്റ് ഏതെങ്കിലും തലത്തിലുള്ള ഫണ്ട് അനുവദിച്ചാലും എൻ.ഒ.സി. കൊടുക്കാനുള്ള നടപടിയുണ്ടാകണം. ഓട്ടോറിക്ഷ, ബൈക്ക് ഉൾപ്പെടെയുള്ള വാഹനങ്ങൾ പോകുമ്പോൾ അപകടം സംഭവിക്കുന്നു. ഇതെല്ലാം ഗുരുതരമായ പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യമെല്ലാം അറിയാം. അങ്ങ് ഇത് പഠിച്ചിട്ടുണ്ടാകും. അതുകൊണ്ട് നല്ല ഒരു മറുപടി പ്രതീക്ഷിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ആലുവ ജലശുദ്ധീകരണശാലയിൽ നിന്നും കൊച്ചി കോർപ്പറേഷനിലേയ്ക്കും അനുബന്ധ പഞ്ചായത്തുകളിലേയ്ക്കും കുടിവെള്ള വിതരണം നടത്തുവാൻ പമ്പിംഗ് മെയിൻ പൈപ്പ് വിന്യസിച്ചിട്ടുള്ള 20 കി.മീറ്ററോളം ദൈർഘ്യമുള്ള ജല അതോറിറ്റിയുടെ അധീനതയിലുള്ള സ്ഥലമാണ് ആലുവ പൈപ്പ് ലൈൻ റോഡ്. ആലുവ വാട്ടർ വർക്സ് മുതൽ പെരുമാനൂർ വരെയുള്ള കുടിവെള്ള വിതരണം നടത്തുവാൻ

വിന്യസിച്ചിരിക്കുന്ന 900mm CI പമ്പിംഗ് മെയിൻ, തമ്മനം വരെ വിന്യസിച്ചിരിക്കുന്ന 1050mm പമ്പിംഗ് മെയിൻ, കത്രിക്കടവ് വരെ സ്ഥാപിച്ചിരിക്കുന്ന 1200mm പമ്പിംഗ് മെയിനുകൾ എന്നിവ പ്രസ്തുത റോഡിലൂടെ കടന്നുപോകുന്നു. ഇവ യഥാക്രമം 1965, 1969, 2002 കാലയളവിലാണ് സ്ഥാപിച്ചിരിക്കുന്നത്. ഈ റോഡ് ജല അതോറിറ്റിയുടെ പരിശോധനകൾക്ക് മാത്രമായി നിർമ്മിച്ചിട്ടുള്ളതാണ്. പൈപ്പ് ലൈനുകൾ പല സ്ഥലങ്ങളിലും തറ നിരപ്പിൽ ആയതിനാൽ ഭാരവണ്ടികൾ പൈപ്പ് ലൈന് മുകളിലൂടെ കയറിയിറങ്ങുന്നത് പൈപ്പ് ലൈനുകളുടെ സുരക്ഷയ്ക്ക് ഭീഷണിയാണ്.

പൈപ്പ് ലൈനുകളുടെ സുരക്ഷ ഉറപ്പാക്കിക്കൊണ്ട് ഈ റോഡ് ഗതാഗത യോഗ്യമാക്കുന്നതിൽ ജല അതോറിറ്റിക്ക് എതിർപ്പില്ല. ഇത്തരത്തിലുള്ള സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ നിബന്ധനകൾക്ക് വിധേയമായി മാത്രമേ വാഹനഗതാഗതം അനുവദിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാലാണ് എൻ.ഒ.സി. നിഷ്കർഷിക്കുന്നത്. എൻ.ഒ.സി. അനുവദിക്കുന്ന സാഹചര്യങ്ങളിൽ ജല അതോറിറ്റി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പൈപ്പുകളുടെ പൂർണ്ണ സുരക്ഷ ഉറപ്പാക്കിയാണ് പൈപ്പ് ലൈൻ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നത്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കേരള

വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) മാമം നാളികേര കോംപ്ലക്സ്

ശ്രീ. ബി. സത്യൻ: സർ, അങ്ങേയ്ക്ക് വളരെ നന്നായി അറിയാവുന്ന വിഷയമാണ്. അങ്ങ് നിരന്തരമായി ഇതിൽ ഇടപെടുകയും വളരെ നന്നായി ഈ സ്ഥാപനം പ്രവർത്തിപ്പിച്ച് മുന്നോട്ട് പോകുവാനുള്ള വലിയ പിന്തുണ നൽകി കൊണ്ടിരിക്കുന്ന വസ്തുത ഈ സന്ദർഭത്തിൽ ഓർക്കുകയാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറെ അടച്ചുപൂട്ടപ്പെടുകയും എന്നാൽ ഭാഗികമായി പ്രവർത്തന സജ്ജമാക്കാൻ ശ്രമിച്ചുവീണ്ടും അടച്ചുപൂട്ടിയിട്ട സ്ഥാപനമാണ് ആറ്റിങ്ങലിൽ ദേശീയ പാതയോടൊപ്പം മാമത്ത് പ്രവർത്തിച്ചു വരുന്ന കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും നാളികേര വികസന കോർപ്പറേഷന്റെ കീഴിലുള്ള നാളികേര സംസ്കരണ കേന്ദ്രം. ജില്ലയിലെ നാളികേര കൃഷിക്കാർക്കുവേണ്ടി അവരുടെ നാളികേരം സംഭരിച്ച് കൃഷിക്കാരെ സഹായിക്കുവാനായി ആരംഭിച്ച പദ്ധതിയാണ്. പല സന്ദർഭങ്ങളിലായി സാമ്പത്തിക പ്രയാസങ്ങളും പ്രതിസന്ധികളും കാരണം ഈ സ്ഥാപനം അടച്ചുപൂട്ടിയിരുന്നത്. അങ്ങ് മന്ത്രിയായി വന്നതിനുശേഷം നടത്തിയ നിരന്തരമായ ഇടപെടൽ ഈ സ്ഥാപനം വീണ്ടും തുറന്ന്

പ്രവർത്തിപ്പിക്കാനായി. ഇപ്പോൾ ഏതാണ്ട് ആയിരം ലിറ്റർ സംസ്കരണശേഷിയുള്ള വെർജിൻ കോക്കനട്ട് ഓയിൽ ഉത്പാദിപ്പിക്കുന്ന പ്ലാന്റാക്കി ഇതിനെ മാറ്റാൻ കഴിഞ്ഞതിൽ അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. നാളികേര വികസന കോർപ്പറേഷന്റെ കീഴിലുള്ളതാണ് ദേശീയപാതയോടൊപ്പം ചേർന്നുള്ള വിശാലമായ സ്ഥലം. നിരവധി വികസന സാധ്യതയുള്ള കേന്ദ്രമാണിത്. ഇപ്പോൾ നാളികേര വികസന കോർപ്പറേഷൻ സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഏതാണ്ട് 30 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള വെളിച്ചെണ്ണ ഉത്പാദന പ്ലാന്റ് ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാളികേരവികസന കോർപ്പറേഷന് പരിമിതമായ ഫണ്ട് മാത്രമാണ് കയ്യിലുള്ളത്. ഉദ്ദേശം ആറ് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്ലാന്റ് പൂർണ്ണമായും സജ്ജമാകണമെങ്കിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായം അനിവാര്യമാണ്. അവിടെ നിരവധി സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയും. നാളികേരത്തിൽ നിന്നും വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുവാൻ, അതിന്റെ ഉത്പാദനവും വിതരണവും വിപണനവും ചേർത്തിട്ടുള്ള നാളികേര പാർക്ക്, അതുപോലെ നാളികേര സംസ്കരണവുമായി ബന്ധപ്പെട്ട വിവിധ സംരംഭങ്ങൾ, ഇതെല്ലാം

ചേർന്ന് സമഗ്രമായ കോക്കനട്ട് മാൾ ഉൾപ്പെടെ ആരംഭിക്കുവാൻ കഴിയുന്നതാണ്. അങ്ങ് അവിടെ സന്ദർശിക്കുകയും ഉദ്യോഗസ്ഥന്മാരും ശാസ്ത്രജ്ഞന്മാരുമായി വിവിധ സന്ദർഭങ്ങളിൽ നടത്തിയ ചർച്ചയിൽ കൃഷി വകുപ്പിനും നാളികേര വികസന കോർപ്പറേഷനും വളരെ ബൃഹത്തായ പദ്ധതി ആരംഭിക്കുവാൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. അതിന്റെയടിസ്ഥാനത്തിൽ നാളികേര സംസ്കരണവും അതിനോടനുബന്ധിച്ചുള്ള എണ്ണയുത്പാദനവും ആരംഭിക്കുവാനുള്ള പദ്ധതിക്ക് അനുമതി നൽകണമെന്നും ഇതൊരു പ്രധാന നാളികേര ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും ഒക്കെ ഒരുക്കുവാൻ കഴിയുന്ന സാധ്യതയുള്ള കേന്ദ്രമാക്കി വളർത്തി വികസിപ്പിച്ചെടുക്കാനുള്ള സഹായവും പിന്തുണയും അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, കേരള നാളികേര വികസന കോർപ്പറേഷൻ അതിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ടുകൊണ്ട് 2015-ലെ ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി വെളിച്ചെണ്ണ വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് വാട്ടർ, ചാർക്കോൾ എന്നീ കേര ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മാമത്ത് ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് നാലുകോടി രൂപയാണ് അനുവദിച്ചത്. 1998 മുതൽ 2014 വരെ പ്രവർത്തനരഹിതമായിരുന്ന കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമായ സാഹചര്യമാണുണ്ടായിരുന്നത്. അത് ഇതിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഒരുപാട് തടസ്സങ്ങൾ സൃഷ്ടിക്കുകയുണ്ടായി. മൊത്തം 1700 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയിൽ 400 ലക്ഷം രൂപ മാത്രമാണ് ഇതിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സബ്സിഡിയായി വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടമായി 1.92 കോടി രൂപ ചെലവഴിച്ച് പ്രതിദിനം 1000 ലിറ്റർ ഉത്പാദനശേഷിയുള്ള വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് സ്ഥാപിച്ചുകഴിഞ്ഞു. ഇത് കേരജം വെർജിൻ കോക്കനട്ട് ഓയിൽ എന്ന ബ്രാന്റിൽ വിപണനം നടത്തി വരികയാണ്. 2019 മാർച്ച് മുതൽ ഈ പ്ലാന്റ് പ്രവർത്തിച്ചുവരികയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ഇവിടെ പ്രതിദിനം മുപ്പത് മെട്രിക്ക് ടൺ ഉത്പാദനശേഷിയുള്ള വെളിച്ചെണ്ണ മിൽ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അതിന്റെ

അടിസ്ഥാനത്തിൽ പ്രതിദിനം 30 മെട്രിക്ക് ടൺ പ്രതിദിന ശേഷിയുള്ള വെളിച്ചെണ്ണ മിൽ അടിയന്തരമായി സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുകയാണ്. അതോടൊപ്പം മാമം നാളികേര സംസ്കരണശാലയുടെ മുൻവശത്ത് 4000 ചതുരശ്രഅടി വിസ്തീർണ്ണമുള്ള ഒരു അഗ്രിമാൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഈ രണ്ട് സ്ഥാപനങ്ങൾ കൂടി വരുന്നതോടുകൂടി മാമത്ത് അടച്ചുപൂട്ടപ്പെട്ട് കിടന്നിരുന്ന ഈ സ്ഥാപനം പഴയ രീതിയിലേയ്ക്ക് പൂർണ്ണമായി വരാൻ സാധിച്ചില്ലെങ്കിൽ പോലും വളരെ സജീവമായ കേന്ദ്രമാക്കി മാറ്റാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. നാളികേര വികസന കോർപ്പറേഷൻ ഇതിനകം തന്നെ ആറളം ഫാമിൽ നിന്നും നീര ഉത്പാദിപ്പിച്ച് വിപണനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതുകൂടാതെ കോഴിക്കോട് നിന്നും 'കേരജം' എന്ന ബ്രാൻഡ് നാമത്തിൽ വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് വിപണിയിൽ എത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. 1998 മുതൽ അടച്ചുപൂട്ടപ്പെട്ടിരുന്ന, പൂർണ്ണമായി നിലച്ചുപോയ ഈ സ്ഥാപനം 2015-ന് ശേഷം ആരംഭിച്ച പുനരുദ്ധാരണ പ്രവർത്തനങ്ങൾ അതിന്റെ സാക്ഷാത്കാരത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തിക വർഷം തന്നെ പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ അവിടെ

പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

(7) വാഴക്കോട് പച്ചക്കറി സംഭരണ വിതരണം

ശ്രീ. യു. ആർ. പ്രദീപ്: സർ, എന്റെ മണ്ഡലമായ ചേലക്കര ധാരാളം പച്ചക്കറി കർഷകരുള്ള പ്രദേശമാണ്. എന്റെ മണ്ഡലത്തിലുള്ള 9 ഗ്രാമ പഞ്ചായത്തുകളിലും ധാരാളം പച്ചക്കറി കർഷകരുണ്ട്. ഇവരെ സഹായിക്കാൻ വി.എഫ്.പി.സി.കെ.യുടെ മൂന്ന് കേന്ദ്രങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കൃഷിവകുപ്പിന്റെ നല്ല ഇടപെടൽ തന്നെയാണ് അതിന് കാരണം. പച്ചക്കറിക്ക് പുറമേ നേന്ത്രപഴങ്ങളുടെ രാജാവ് എന്ന നിലയ്ക്ക് പറയപ്പെടുന്ന ചങ്ങാലിക്കോടൻ വാഴ വലിയ തോതിൽ ഏക്കർ കണക്കിന് കൃഷി ചെയ്യുന്ന മണ്ഡലം കൂടിയാണിത്. പ്രത്യേകിച്ച് അതിന് ഭൗമസൂചിക പദവി കൂടെ ലഭിച്ചിട്ടുണ്ട്. പച്ചക്കറിയിൽ തന്നെ പയർ, കപ്പ, കുമ്പളം, മത്തൻ തുടങ്ങിയവ ധാരാളം ഉത്പാദിപ്പിക്കുകയും അവയെല്ലാം വലിയ തോതിൽ അവിടെ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് കയറ്റി അയയ്ക്കുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം ഉണ്ടെങ്കിലും കർഷകരെ തൃപ്തിപ്പെടുത്താൻ കഴിയുന്നില്ല. അവർ സാധാരണ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വില കിട്ടുന്നില്ലായെന്ന വലിയ വിഷമമുണ്ട്. ഒരു സംഭരണ-വിതരണ കേന്ദ്രം നിർമ്മിച്ച

കൊടുക്കുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കും. ജൈവകൃഷി മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയുണ്ടാക്കാനുള്ള നല്ല താൽപ്പര്യം മണ്ഡലത്തിൽ എടുത്തിട്ടുണ്ട്. ഇത്തരത്തിൽ കേന്ദ്രം നിർമ്മിക്കുകയാണെങ്കിൽ വലിയ തോതിൽ ജൈവകർഷകരെ ഇതിലേയ്ക്ക് ആകർഷിക്കുവാൻ കഴിയും. ഇതുമാത്രമല്ല ചക്ക, മാങ്ങ ഉൾപ്പെടെയുള്ള വിഭവങ്ങൾ ധാരാളം ആ മണ്ഡലത്തിൽ നിന്നും കയറ്റിക്കൊണ്ട് പോകുന്നുണ്ട്. കർഷകരുടെ വിഷയം പരിഹരിക്കാൻ വേണ്ടി ചേലക്കര മണ്ഡലത്തിലെ മുള്ളൂർക്കര വില്ലേജിൽ വാഴക്കോട് എന്ന പ്രദേശത്ത് ഹൈവയോട് ചേർന്ന് ഏതാണ്ട് 6 ഏക്കർ വരുന്ന ഭൂമി റവന്യൂ വകുപ്പിന്റെ കയ്യിലുണ്ട്. ആ സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ട് ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ ശീതീകരിച്ച സംഭരണ-വിതരണ കേന്ദ്രമുണ്ടാക്കിയാൽ നല്ല തോതിൽ നമുക്ക് സംസ്ഥാനത്തെ പല ഭാഗങ്ങളിൽ നിന്നും പച്ചക്കറിയുണ്ടാക്കാൻ കഴിയും. ഇത് ചേലക്കര മണ്ഡലത്തിൽ മാത്രമല്ല, ചേലക്കരയോട് ചേർന്ന് കിടക്കുന്ന പാലക്കാട് ജില്ലയിലെ പല മണ്ഡലങ്ങളിലും ഇപ്പുറത്ത് വടക്കാഞ്ചേരി ഉൾപ്പെടെ പല മണ്ഡലങ്ങളിലും ധാരാളം പച്ചക്കറി കർഷകരെ സഹായിക്കുവാൻ കഴിയുന്ന നല്ല പദ്ധതിയാകുമിത്. പ്രസ്തുത വിഷയം പരിശോധിച്ച് പരിഹാരം കാണാൻ

സർക്കാരിന് കഴിയുമോയെന്നാണ് എന്റെ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ മേഖലയിലെല്ലാം ധാരാളമായി പച്ചക്കറിക്കൃഷി നടക്കുന്നുണ്ട്. കഴിഞ്ഞ വർഷം ജൈവപച്ചക്കറി കൃഷിയിൽ ഏറ്റവും മികച്ച പ്രവർത്തനം നടത്തിയിട്ടുള്ള മണ്ഡലമാണ് ചേലക്കര നിയോജകമണ്ഡലം. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ഭൗമസൂചിക പദവി നേടിയിട്ടുള്ള ചങ്ങാലിക്കോടൻ നേന്ത്രവാഴയുടെ പ്രധാനപ്പെട്ട ഉല്പാദന കേന്ദ്രം കൂടിയാണ് ഈ പ്രദേശങ്ങൾ. കൃഷിയിൽ ജൈവ സമ്പ്രദായങ്ങൾ സ്വീകരിച്ചിട്ടുള്ള നിരവധി കർഷകർ ഈ മണ്ഡലത്തിലുണ്ട്. കർഷകർക്ക് യഥാസമയം തങ്ങളുടെ കൃഷി വിഭവങ്ങൾ വിപണനം നടത്തുന്നതിനും ന്യായമായ വില ലഭ്യമാക്കുന്നതിനും അവസരമൊരുക്കുകയെന്ന ലക്ഷ്യത്തോടെ ചേലക്കര ആസ്ഥാനമായി ഒരു സംഭരണ-വിതരണ കേന്ദ്രം ആരംഭിക്കുകയെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന വാഴക്കോട് പ്രദേശത്ത് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ളതും ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നതുമായ ഭൂമി കൃഷി വകുപ്പിനോ ഹോർട്ടികോർപ്പിനോ

കൈമാറുകയാണെങ്കിൽ ഈ സർക്കാരിന്റെ കാലത്തുതന്നെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ അവിടെ ഹോർട്ടികോർപ്പിന്റെ ഒരു സംഭരണ-വിതരണ ശീതീകരണ കേന്ദ്രം ആരംഭിക്കാനും അതോടൊപ്പം അന്താരാഷ്ട്ര തലത്തിൽ മാർക്കറ്റുകളിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ചങ്ങാലിക്കോടൻ നേന്ത്രവാഴയുടെ സംഭരണ ട്രേഡിംഗ് കേന്ദ്രമായി അതിനെ മാറ്റാനും കഴിയുന്നതാണ്. പ്രസ്തുത സ്ഥലം കൃഷി വകുപ്പിന് വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അത് ലഭ്യമാകുന്നമുറയ്ക്ക് ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ അവിടെ ശീതീകരണ സംവിധാനത്തോടുകൂടിയ സംഭരണ-വിതരണ കേന്ദ്രം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (8) ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ഫാർമസികളിലൂടെയുള്ള സൗജന്യ സഹായം

ശ്രീ. എം. വിൻസെന്റ്: സർ, സമൂഹത്തിന്റെയും സർക്കാരിന്റെയും പ്രത്യേക കരുതലും സപ്പോർട്ടും ആവശ്യപ്പെടുന്ന ഒരു വിഭാഗമാണ് ഹീമോഫീലിയ രോഗികൾ. ഹീമോഫീലിയ ഒരു ജനിതക വൈകല്യമാണ്. രക്തം കട്ട പിടിക്കുന്നതിനാവശ്യമായ ഘടകങ്ങൾ ജന്മനാ ശരീരത്തിലില്ലാത്ത ഈ രോഗികൾക്ക് സന്ധികളിലും ആന്തരികാവയവങ്ങളിലും അടിക്കടി

രക്തസ്രാവമുണ്ടാകുകയും പെർമനന്റായിട്ടുള്ള ഡിസെബിലിറ്റിയും അതുപോലെ മരണം വരെ സംഭവിക്കാവുന്നതുമായ ഗുരുതരമായ രോഗമാണിത്. രക്തസ്രാവമുണ്ടാകുമ്പോൾ രക്തം കട്ടപിടിക്കുന്നതിനാവശ്യമായ രക്ത ഘടകങ്ങളായ ഫാക്ടർ 8-ഉം ഫാക്ടർ 9-ഉം അടിയന്തരമായി കുത്തിവച്ചാൽ മാത്രമേ ഈ ഗുരുതരാവസ്ഥയിൽനിന്നും രക്ഷപെടാൻ സാധിക്കുകയുള്ളൂ. ഇതിന് ഓരോ മാസവും ഏകദേശം 25000/- രൂപ മുതൽ 50000/- രൂപ വരെ ചെലവ് വരുന്നുണ്ട്. ഈ രോഗികൾ യാത്ര പോകുമ്പോഴും പല്ല് തേയ്ക്കുമ്പോഴും ഷേക്ഹാന്റ് കൊടുത്താൽപ്പോലും രക്തസ്രാവമുണ്ടാകുന്ന പ്രത്യേകതരം രോഗമാണിത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി രൂപീകരിച്ചിട്ടുള്ള കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും രണ്ട് ലക്ഷം രൂപ കൊടുക്കുന്ന പദ്ധതിയായിരുന്നു ഉണ്ടായിരുന്നത്. 5 ഗുരുതരമായ രോഗങ്ങളിലൊന്നായിരുന്നു ഹീമോഫീലിയ. രണ്ട് ലക്ഷം രൂപ ഒരു വർഷത്തേയ്ക്കുപോലും തികയുകയില്ലെന്ന് കണ്ടതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് അതിന്റെ പരിധി എടുത്തുകളഞ്ഞു. എത്ര മരുന്ന് വേണമെങ്കിലും വാങ്ങാം. കാരുണ്യയുടെ കാർഡുപയോഗിച്ച് കാരുണ്യ ഫാർമസിയിൽനിന്ന് എല്ലാ തവണയും ഒന്നോ രണ്ടോ യൂണിറ്റ് മരുന്ന് വാങ്ങി വീട്ടിൽ സൂക്ഷിക്കും.

രക്തസ്രാവമുണ്ടാകുമ്പോൾ അടുത്ത ക്ലിനിക്കിൽ പോയി മരുന്ന് കുത്തിവച്ച് ഗുരുതരാവസ്ഥയിൽനിന്നും അവർക്ക് രക്ഷപെടാൻ സാധിക്കും. ഈ മാർച്ച് 31-ഓടുകൂടി ഇത് നിർത്തലാക്കാൻ പോകുന്നുവെന്നാണ് അറിയാൻ സാധിച്ചത്. ഇത് നിർത്തലാക്കിയാൽ 1600-ഓളം വരുന്ന രോഗികൾ തീർച്ചയായും മരണത്തിലേയ്ക്ക് പോകുന്ന അവസ്ഥയുണ്ടാകും. അതുകൊണ്ട് ഇത് തുടരണം. ഇവരെ ഇപ്പോൾ നടപ്പിലാക്കാൻ പോകുന്ന ഏതെങ്കിലുമൊരു ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാക്കിയാൽ അവരുടെ അവസ്ഥ കുറേക്കൂടി ഗുരുതരമായി മാറും. കാരണം അവർക്ക് ആ ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾ പ്രകാരം ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ടിവരും. ലിസ്റ്റ് ചെയ്യപ്പെട്ട ആശുപത്രികളിൽനിന്നും വളരെ ദൂരെയായിരിക്കും അവർ താമസിക്കുന്നത്. ചിലപ്പോൾ രാത്രി രക്തസ്രാവമുണ്ടായാൽ വേറെ അശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ട പ്രശ്നവുമുണ്ടാകും. ദൂരെ സ്ഥലങ്ങളിൽ യാത്രയ്ക്ക് പോകുമ്പോൾ ഒരു യൂണിറ്റ് മരുന്നെങ്കിലും കരുതിയില്ലെങ്കിൽ രക്തസ്രാവമുണ്ടാകുമ്പോൾ അവർക്ക് അതിൽനിന്നും രക്ഷപെടാൻ കഴിയില്ല. അതുകൊണ്ട് ഇപ്പോൾ തുടരുന്നതുപോലെ പരിധിയില്ലാതെ കാരുണ്യയുടെ കാർഡുപയോഗിച്ച് കാരുണ്യ ഫാർമസിയിൽനിന്ന് മരുന്ന് വാങ്ങി ഇൻജക്ഷൻ എടുക്കുന്നതിനുള്ള

സൗകര്യം മാർച്ച് 31-നുശേഷവും തുടരണമെന്നുള്ളതാണ് എന്റെ ആവശ്യം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ദൈന്യത അനുഭവിക്കുന്നവരാണ് ഹീമോഫീലിയ രോഗികൾ. വാസ്തവത്തിൽ ഇവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്. പ്രതിപക്ഷനേതാവെന്നുള്ള നിലയിൽ കഴിഞ്ഞ ദിവസം ഈ രോഗികൾ വളരെ പ്രയാസപ്പെട്ടും ബുദ്ധിമുട്ടിയും കുട്ടികളുമായാണ് എന്റെ ഓഫീസിൽ വന്നത്. കുട്ടികളുമായി വരുന്നതെന്തിനാണെന്ന് ഞാൻ അവരോട് ചോദിച്ചു. ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് സംസാരിക്കാമെന്ന് പറഞ്ഞു. സത്യത്തിൽ മനഃസാക്ഷിയുള്ള ഒരാൾക്കുപോലും താങ്ങാൻ കഴിയാത്ത നിലയാണത്. ഇക്കാര്യം പ്രത്യേകമായി പരിഗണിക്കണം. മാർച്ച് 31 കഴിഞ്ഞാൽ അവർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം കിട്ടുകയില്ലെന്നാണ് അറിയുന്നത്. അത് റീ കൺസിഡർ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പത്തും പന്ത്രണ്ടും ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷാ സമയത്ത് ഈ മരുന്നുകൾ യഥേഷ്ടം ലഭ്യമാക്കേണ്ടത് വളരെ അനിവാര്യമാണ്. ഹീമോഫീലിയ എ-യും ബി-യുമുണ്ട്. ഹീമോഫീലിയ എ-യ്ക്ക് ആവശ്യമായത് ഫാക്ടർ 8-ഉം ഹീമോഫീലിയ ബി-യ്ക്ക്

ആവശ്യമായത് ഫാക്ടർ 9-ഉമാണ്. ഇത് prophylactic ആയി കൊടുക്കണം. അല്ലെങ്കിൽ ഇവർക്ക് വൈകല്യമുണ്ടാകും. കുറച്ചുകഴിഞ്ഞാൽ ജോയിന്റ് ബ്ലീഡിംഗ് വന്നാൽ അവർ crippled ആകാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് ഇതിന് ലിമിറ്റ് വേണ്ടെന്ന് പറഞ്ഞത്. അവർക്ക് ആവശ്യമുള്ളത്ര ഫാക്ടർ കൊടുക്കാമെന്നുള്ള തീരുമാനമെടുത്തത്. ഇതിനുപുറമെ കെ.എസ്.എസ്.എം.-ലെ പെൻഷൻ നിർത്തിവച്ചിരിക്കുകയാണ്. ഗൗരവമുള്ള ഈ രണ്ട് കാര്യങ്ങളും പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, രക്ത സംബന്ധമായ അസുഖങ്ങളിലൊന്നാണ് ഹീമോഫീലിയ. Blood related disorders Hemophilia, Sickle cell anemia, Thalassemia എന്നിങ്ങനെ രോഗങ്ങളുണ്ട്. അതിൽ ഒരു രോഗത്തിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവർക്കാവശ്യമായ ഫാക്ടർ കാരുണ്യ പദ്ധതിയിലുൾപ്പെടുത്തി കൊടുക്കാനാണ് തീരുമാനിച്ചത്. ബഹുമാനപ്പെട്ട മെമ്പർമാരെല്ലാം പറഞ്ഞതുപോലെ രക്തം കട്ടപിടിക്കാനാവശ്യമായ ഫാക്ടറുകളുടെ അഭാവംമൂലം മുറിവുകളുണ്ടായാൽ

കൂടുതൽ സമയം രക്തസ്രാവം നീണ്ടുനിൽക്കുകയും ആന്തരികാവയവങ്ങളുടെയും കോശങ്ങളുടെയും പ്രവർത്തനം തകരാറിലാവുകയും ചെയ്യുന്ന അപകടകരമായ അവസ്ഥയുണ്ടാകുകയും ചെയ്യുന്ന രോഗമാണിത്. രക്തം കട്ടപിടിക്കുന്നതിനുള്ള ഫാക്ടറുകളുടെ replacement ആണ് ഈ രോഗത്തിനുള്ള ചികിത്സ. ഇത് വളരെ ചെലവേറിയതും സാധാരണ രോഗികൾക്ക് താങ്ങാൻ കഴിയാത്തതുമാണ്.

കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേനയാണ് സംസ്ഥാനത്തെ ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ഫാർമസി വഴി സൗജന്യമായി ആന്റിഹീമോഫിലിക് ഫാക്ടറുകൾ വിതരണം ചെയ്തുവന്നിരുന്നത്. ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെയാണ് ചികിത്സാ സൗകര്യങ്ങൾ അനുവദിച്ച് വരുന്നത്. കഴിഞ്ഞ ഒരു വർഷത്തെ കണക്കുകളുടെ അടിസ്ഥാനത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ഒരു മാസം ശരാശരി 2.75 കോടി രൂപയുടെ ഫാക്ടറുകൾ ഹീമോഫീലിയ രോഗികൾക്ക് കെ.എം.എസ്.സി.എൽ. വഴി നൽകിവരുന്നുണ്ട്. ഫാക്ടറുകൾ വിതരണം ചെയ്ത ഇനത്തിൽ പദ്ധതിയുടെ ആരംഭം മുതൽ ഇന്നുവരെ 84.11 കോടി രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. ഈ അസുഖം വളരെ ഗുരുതരമാണ്. പക്ഷേ കേരളം പോലെയുള്ള സംസ്ഥാനത്തെ

സംബന്ധിച്ച് ഇതൊരു വലിയ തുകയാണ്. കാരണം കേരളത്തിലെ മൂന്നര കോടി ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനായി ആരോഗ്യ മേഖലയ്ക്ക് 360 കോടി രൂപയാണ് ലഭ്യമാകുന്നത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഇതുസംബന്ധിച്ച് ഞാനൊരു ചോദ്യം നേരത്തെ തന്നിരുന്നു.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സബ്മിഷനിൽ ഒരാൾ ഉന്നയിച്ചാൽ അത് എല്ലാവർക്കുമായി കണക്കാക്കാവുന്നതേയുള്ളൂ. സബ്മിഷനിൽ ഓരോരുത്തരും ഉന്നയിക്കുന്ന പ്രശ്നമില്ല. ഇത് നമുക്കെല്ലാവർക്കും ഒരുപോലെ താല്പര്യമുള്ള വിഷയമാണ്. അതുകൊണ്ട് ആരെങ്കിലും ഒരാൾ ഉന്നയിച്ചാൽ മതി.

ഏത് ഗവൺമെന്റ് ഭരിച്ചാലും കേരളത്തിലെ മൂന്നര കോടി ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനായി ആരോഗ്യ മേഖലയ്ക്ക് 360 കോടി രൂപ മാത്രമാണ് ലഭിക്കുന്നത്. നമുക്ക് പ്രതിവർഷം 84 കോടി രൂപയോളം ചെലവ് വരും. ഏതായാലും കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അത് സൗജന്യമായി കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ ഫാക്ടറുകൾ ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് മുടങ്ങിയിട്ടില്ല. 01-04-2019 മുതൽ

സംസ്ഥാനത്ത് കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി (KASP) നടപ്പിലാക്കിയപ്പോൾ ഹീമോഫീലിയ രോഗികൾക്കുള്ള ചികിത്സ ഉൾപ്പെടുത്താൻ അതിനകത്തെ ചില നോംസ് വരാത്തതുകൊണ്ട് സാധിച്ചിരുന്നില്ല. 27-06-2019-ലെ GO(MS)31/2019/Taxes ഉത്തരവുപ്രകാരം കെ.ബി.എഫ്.-ന്റെ പ്രവർത്തനം അവസാനിപ്പിച്ചതിനാൽ ഹീമോഫീലിയ രോഗികളുടെ പുതിയ അപേക്ഷകൾ കെ.ബി.എഫ്.-ൽ സ്വീകരിക്കുന്നില്ല. എന്നാൽ ഹീമോഫീലിയ രോഗംമൂലം അവർ അനുഭവിക്കുന്ന കഷ്ടതകളും ഈ രോഗചികിത്സയുടെ ഭാരിച്ച ചെലവും കാരണം രോഗികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് സർക്കാർ ഈ വിഷയം മനസ്സിലാക്കുകയും ഇത് ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് 06-08-2019-തീയതിയിലെ സ.ഉ.(കൈ)നമ്പർ 122/2019/ആ.കു.വ. ഉത്തരവുപ്രകാരം ഈ രോഗികൾക്ക് 2020 മാർച്ച് 31 വരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സൗജന്യ ആന്റിഹീമോഫിലിക് ഫാക്ടറുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചത്. കെ.ബി.എഫ്. നിർത്തലായതുകൊണ്ടാണ് 2020 മാർച്ച് 31 വരെയുള്ള ഈ കാര്യം പ്രത്യേക ഉത്തരവായി ഇറക്കേണ്ടിവന്നത്. KASP പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സർക്കാർ ആശുപത്രികളിലും 01-07-

2019 മുതൽ 31-03-2020 വരെ ഹീമോഫീലിയ രോഗചികിത്സ ആനുകൂല്യത്തിന് അർഹമായ അപേക്ഷകളിന്മേൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ നേരത്തെ അംഗമായിട്ടുള്ളവരും പുതിയ അപേക്ഷകരുമായ മുഴുവൻ ഹീമോഫീലിയ രോഗികൾക്കും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സൗജന്യമായി ഫാക്ടറുകൾ വിതരണം ചെയ്തുവരുന്നു.

ലഭ്യമായ കണക്ക് പ്രകാരം ഹീമോഫീലിയ രോഗബാധിതരായ 1058 രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ആന്റിഹീമോഫിലിക് ഫാക്ടറുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിച്ചുവിതരണം ചെയ്യുന്നുണ്ട്. തുടർചികിത്സയുടെ ആവശ്യത്തിന് പ്രതിമാസം 4502 unit ഫാക്ടർ 08, 463 യൂണിറ്റ് ഫാക്ടർ 09, 680 യൂണിറ്റ് FEIBA എന്നിങ്ങനെയാണ് മരുന്നുകൾ ആവശ്യമായി വരുന്നത്. തുടർച്ചയായുള്ള മരുന്ന് ലഭ്യത ഉറപ്പാക്കാൻ പ്രതിമാസം വേണ്ടിവരുന്ന അളവിന് ആനുപാതികമായി ഉള്ള ഫാക്ടറുകൾ കരുതൽ ശേഖരമായി സൂക്ഷിക്കുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. മറ്റു രോഗാവസ്ഥകളിൽ നിന്നും വിഭിന്നമായി ചികിത്സയിൽ കഴിയുന്ന രോഗിയുടെ ശാരീരിക

നിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് ആനുപാതികമായി അസാധാരണമായുണ്ടാകുന്ന അടിയന്തര അത്യാഹിതങ്ങൾ (ആന്തരിക അവയവങ്ങൾ, സന്ധികൾ, തലച്ചോർ എന്നിവിടങ്ങളിൽ നിന്ന് പെട്ടെന്നുണ്ടാകുന്ന രക്തസ്രാവം), തുടർ ചികിത്സയിലിരിക്കുന്ന രോഗിക്ക് ശസ്ത്രക്രിയ പോലുള്ള ചികിത്സ നൽകേണ്ടി വരുന്ന അവസരങ്ങൾ, കണക്കുകൂട്ടലുകൾക്ക് അതീതമായുണ്ടാകുന്ന ഫാക്ടറുകളുടെ ആവശ്യകത, ഇത്തരം ഘട്ടങ്ങളിൽ ഉണ്ടാകുന്നുണ്ട്. അങ്ങനെ വരുമ്പോൾ ചിലപ്പോൾ ഫാക്ടറുകൾ കുറഞ്ഞുവരാറുണ്ട്, പിന്നീടത് പുനഃസ്ഥാപിക്കുകയാണ് ചെയ്യുന്നത്. സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ താത്കാലികമായി ഈ മരുന്നുകളുടെ ലഭ്യത കുറയുന്ന സാഹചര്യം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ അവസരോചിത അടിയന്തര ഇടപെടലുകളിലൂടെ ഈ മരുന്നുകളുടെ ലഭ്യത എല്ലാ കാരുണ്യ ഫാർമസി ഔട്ട്‌ലെറ്റുകളും ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പക്കൽ 534 എണ്ണം FEIBA, 5947 എണ്ണം ഫാക്ടർ-8, 1672 എണ്ണം ഫാക്ടർ-9 എന്നിവയുടെ കരുതൽ ശേഖരമുണ്ട്. സാധാരണ ഇത്രയും തന്നെയാണ് ഉണ്ടാകാറുള്ളത്. മാർച്ചിന് ശേഷം ഇത് എങ്ങനെയാണെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പ്

മന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ട്. കാരുണ്യ പദ്ധതി വഴി ലഭ്യമായി വരുന്ന ആനുകൂല്യങ്ങളൊന്നും നിർത്തലാക്കാൻ തീരുമാനിക്കുന്നില്ല എന്നും അത് KASP പ്ലസ് പദ്ധതിയായി തുടർന്ന് ആനുകൂല്യങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്ന രോഗികൾക്ക് കൊടുക്കാമെന്നുമാണ് തീരുമാനമായിട്ടുള്ളത്. അതനുസരിച്ച് തന്നെ ഹീമോഫീലിയ രോഗികളുടെ ചികിത്സ മുടക്കുന്ന ഒരു ഏർപ്പാട് ഇല്ലായെന്ന് തന്നെ പറയുന്നു. ഇവർക്കുള്ള മരുന്നും ചികിത്സയും മുടക്കമില്ലാതെ നൽകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കും. ഹീമോഫീലിയ മാത്രമല്ല, സിക്കിൾ സെൽ അനീമിയ, തലസീമിയ എന്നിവയും ഇത്തരം പ്രയാസമുള്ള അസുഖങ്ങളാണ്. അതിനെക്കുറിച്ച് മൊത്തത്തിൽ പഠിച്ച് സമഗ്രമായ ഒരു പദ്ധതിയുണ്ടാക്കാൻ നാഷണൽ ഹെൽത്ത് മിഷൻ എസ്.എം.ഡി. കൂടിയായ ഡോ. രത്തൻ യു. ഖേൽക്കറിന്റെ നേതൃത്വത്തിൽ ഒരു പഠനവും നടത്തുന്നുണ്ട്.

<u>മി. സ്പീക്കർ</u>: തുടരും എന്ന് പറഞ്ഞല്ലോ.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇപ്പോൾ മുടങ്ങിയിട്ടില്ല. ഇത് ഫെബ്രുവരിയാണ്. മാർച്ചിൽ മുടങ്ങുമെന്ന് കണ്ടിട്ടാണ് ഇത് പറയുന്നത്. മുടങ്ങില്ലായെന്നാണ് ഞാൻ ഇപ്പോൾ പറഞ്ഞത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ......... (....... മൈക്ക് ഓഫ്.........)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നിങ്ങൾ ഞാൻ പറയുന്നത് കേൾക്കൂ. അതായത്, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ചില നിബന്ധനകൾ ഇത്തരം കാര്യങ്ങളിൽ ഉൾപ്പെടുത്താം. ഒന്നാമത്, ഹീമോഫീലിയ രോഗികൾക്ക് അഡ്മിറ്റായിട്ട് ചികിത്സിക്കാൻ പറ്റില്ല. അവർ വീട്ടിൽ നിൽക്കുമ്പോഴാണ് പെട്ടെന്ന് രക്തസ്രാവമുണ്ടാകുന്നത്. ഫാക്ടറുകൾ നേരത്തെ കൊടുക്കേണ്ടതായി വരും. അതുകൊണ്ട് KASP-ൽ ഉൾപ്പെടുത്തുമെന്നല്ല പറഞ്ഞത്, KASP-ൽ ഉൾപ്പെടാതെ നേരത്തെ കാരുണ്യയിൽ ആനുകൂല്യം അനുഭവിച്ചുവന്നിരുന്ന ഇത്തരം ആളുകൾക്ക് KASP പ്ലസ് ആയിട്ട് KASP-ന് വെളിയിൽ തന്നെ ഇവർക്ക് കിട്ടുന്ന ചികിത്സ തുടരുമെന്നാണ് പറഞ്ഞത്.

## (9) ജപ്തി നടപടികൾ

ശ്രീ. മാത്യു ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറൻ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അപ്പർ കുട്ടനാട് മേഖലയിലെ നെൽകർഷകരുടെ വളരെ ഗൗരവമായ ഒരു പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാൻ ഞാൻ ശ്രമിക്കുന്നത്. അപ്പർ കുട്ടനാട് മേഖലയിൽ മാത്രമല്ല, സംസ്ഥാനത്തെ മുഴുവൻ നെൽകർഷകരും നേരിടുന്ന ഒരു പ്രശ്നമാണിത്.

നേരത്തെ നെല്ല് ഉല്പാദിപ്പിച്ച് സംഭരിച്ചുകൊണ്ടുപോയി കഴിഞ്ഞാൽ വളരെയധികം കാലങ്ങൾ കാത്തിരുന്നതിനുശേഷമാണ് സംഭരണവില കിട്ടിക്കൊണ്ടിരുന്നത്. കഴിഞ്ഞ കൊയ്ത്തിന് അപ്പോൾ തന്നെ വില കിട്ടി. അങ്ങനെ വില കിട്ടിയപ്പോൾ മറ്റുചില പ്രശ്നങ്ങൾ രൂപപ്പെട്ടുവന്നിരിക്കുകയാണ്. വില കൊടുത്തത് ബാങ്കുകളിൽ നിന്നുള്ള വായ്പയായി ക്രമീകരിച്ച് ആ വായ്പാ സപ്ലൈകോ കൊടുത്തുതീർക്കാം അല്ലെങ്കിൽ സർക്കാർ കൊടുത്തുതീർക്കാം എന്നുള്ള ധാരണയിൽ കർഷകന് നെല്ലിന്റെ വില അപ്പോൾ കിട്ടി. ഇപ്പോൾ സംഭവിച്ചിരിക്കുന്നത്, ബാങ്കുകളിൽ നിന്നെടുത്ത വായ്പ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ നെൽകർഷകർക്ക് ജപ്തി നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. ജപ്തി നോട്ടീസ് ബാങ്കുകളിൽ നിന്ന് കൊടുക്കുന്നു എന്ന് മാത്രമല്ല, മറ്റു പണമിടപാടുകൾ നടത്തുന്നതിന് കർഷകർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ബാങ്കുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. മാർച്ച് മാസം 31 വരെ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരിക്കുമ്പോഴാണ്, നെൽകർഷകർ ഉല്പാദിപ്പിച്ച നെല്ല് എടുത്തുകൊണ്ടുപോയി ആ നെല്ല് അരി ആയി ചോറായി ഭക്ഷിച്ചു. എല്ലാം കഴിഞ്ഞതിനുശേഷം ഇത് ഉല്പാദിപ്പിച്ച കർഷകന് ഇപ്പോൾ ജപ്തി നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. പ്രധാനമായും സ്റ്റേറ്റ് ബാങ്ക് ഓഫ്

ഇന്ത്യയാണ് ഇത്തരം നോട്ടീസുകൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നത്. അടുത്ത കൊയ്ത്ത് അടുക്കാറായി. ഈ സമയത്ത് ജപ്തി നോട്ടീസുകൾ ഒഴിവാക്കാൻ തക്കമുള്ള ഇടപെടലുകൾ നടത്തണം. കർഷകന്റെ പേരിലായി രേഖപ്പെടുത്തിയിരിക്കുന്ന വായ്പ അവൻ ഉല്പാദിപ്പിച്ച നെല്ലിന്റെ വിലയാണ്. ആ വായ്പ കൊടുത്തുതീർത്തുകൊണ്ട് കർഷകനെ ഈ കടബാധ്യതയിൽ നിന്ന് ഒഴിവാക്കിക്കൊടുക്കാൻ സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതിപ്രകാരം കേരളത്തിലെ നെൽകർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത് കേരളത്തിലെ ആധുനിക അരിമില്ലുകളിൽ സംസ്കരിച്ച് പൊതു വിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. കർഷകരിൽ നിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില പി.ആർ.എസ്. ലോൺ വഴി നെല്ല് സംഭരിച്ച ഉടൻതന്നെ കർഷകർക്ക്

നൽകുന്നതിനായി കേരളത്തിൽ പ്രവർത്തിക്കുന്ന 15 ദേശസാൽകൃത ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. നിലവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വികേന്ദ്രീകൃത ധാന്യസംസ്കരണ പദ്ധതിപ്രകാരം കേരളത്തിലെ 14 ജില്ലകളിൽ നിന്നും നെല്ല് സംഭരിക്കുന്നുണ്ട്. ഇപ്രകാരം സംഭരിച്ച നെല്ലിന്റെ വില പി.ആർ.എസ്. വായ്പാ പദ്ധതി പ്രകാരം സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാരിൽ നിന്നുള്ള തുക ലഭ്യമാകാൻ വൈകുന്നതുമൂലം ലോൺ സമയബന്ധിതമായി തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്നുണ്ട്. ആയത് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുള്ള കാര്യം സ്ഥിരപ്പെട്ടിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 22-01-2020-ന് ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയും സാന്നിധ്യത്തിൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി അധികൃതരുമായി നടന്ന ചർച്ചയിൽ സമയപരിധി കഴിഞ്ഞിട്ടുള്ള ലോൺ തുക പൂർണ്ണമായും 2020 മാർച്ച് 31-ന് മുമ്പായി ബാങ്കിൽ തിരിച്ചടയ്ക്കാമെന്ന് അറിയിച്ചിട്ടുള്ളതും ആർ.ബി.ഐ.-യുടെ അനുമതിക്ക് വിധേയമായി മൊറട്ടോറിയം കാലാവധി പി.ആർ.എസ്. വായ്പയ്ക്കുകൂടി ബാധകമാക്കാവുന്നതും എൻ.പി.എ.-ൽ നിന്ന് കർഷകരെ ഒഴിവാക്കി പി.ആർ.എസ്. വായ്പ തുടർന്നും

നൽകുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ഇത്തരത്തിൽ തുക നൽകുന്നതിനായി ചില ബാങ്കുകൾ പി.ആർ.എസ്. വായ്പാവിതരണം ഇതിനോടകംതന്നെ പുനരാരംഭിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കാനുള്ള തുക 2020-മാർച്ച് മാസത്തിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ പി.ആർ.എസ്. വായ്പയായി നൽകുന്ന തുക സമയബന്ധിതമായി തന്നെ തിരിച്ചടച്ച് നെല്ല് സംഭരണം സുഗമമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ എസ്.ബി.ഐ-യുടെ ഭാഗത്തുനിന്നാണ് ഇപ്പോൾ ന്യായമായ സമീപനം ഉണ്ടാകാത്തത്. ഡ്യൂ വന്നിട്ടുള്ള തുകയുടെ പലിശ അടച്ചാൽ മാത്രമേ പി.ആർ.എസ്. വായ്പാ പദ്ധതി തുടർന്നും നൽകാൻ കഴിയൂ എന്നുള്ള അവരുടെ അറിയിപ്പിനെ തുടർന്ന് നമ്മൾ ആ തുക അടയ്ക്കാൻവേണ്ടിയുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായും ആവശ്യമായ ക്രമീകരണങ്ങൾ ഈ രംഗത്ത് വരുത്തുന്നതാണ്.

(10) <u>പി. ആൻഡ് ടി. കോളനി നിവാസികളുടെ പുനരധിവാസം</u>

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ തേവരപേരണ്ടൂർ കനാലിന് സമീപമുള്ള പി. ആൻഡ് ടി. കോളനിയിൽ

താമസിക്കുന്ന 89 കുടുംബങ്ങളുടെ വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. അവിടെ താമസിക്കുന്ന ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതിന് ഒരു പദ്ധതി ലൈഫിൽ ഉൾപ്പെടുത്തി ഏകദേശം 15,84,80,000/- രൂപയുടെ ഭരണാനുമതി സംസ്ഥാന ഗവൺമെന്റ് നൽകുകയുണ്ടായി. 31-07-2018-ൽ രാമേശ്വരം വില്ലേജിൽ ജി.സി.ഡി.എ. (Greater Cochin Development Authority)-യുടെ 70 സെന്റ് സ്ഥലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിടുകയും ചെയ്തു. വെള്ളപ്പൊക്കമുണ്ടാകുന്ന സന്ദർഭത്തിൽ മാത്രമല്ല വേലിയേറ്റമുണ്ടാകുമ്പോൾ പോലും വീടുകളിൽ വെള്ളം കയറുന്ന ദുസ്സഹമായ സാഹര്യത്തിലാണ് അവർ ജീവിക്കുന്നത്. ഈ അവസ്ഥ കണ്ടുകൊണ്ടാണ് ജി.സി.ഡി.എ. ആ പദ്ധതി ഏറ്റെടുത്തത്. അടിയന്തരമായി പൂർത്തീകരിക്കേണ്ട ഒരു പദ്ധതിയാണിത്. 2017-ൽ സംസ്ഥാന ശുചിത്വമിഷന്റെ പരിശോധനയിൽ കോളനിയിൽ ബയോ ടോയ്‌ലെറ്റ് പോലും നിർമ്മിക്കാൻ സാധിക്കാത്ത സാഹചര്യമാണ് എന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിലാണ് ജി.സി.ഡി.എ. ഇത്തരമൊരു പ്രോജക്ടിന് തുടക്കം കുറിച്ചത്. നാളിതുവരെയായി അതിന്റെ പ്രവർത്തനം എവിടെയും എത്താതെ നിൽക്കുന്ന സാഹചര്യമാണുള്ളത്. ആ

പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കൊച്ചി നഗരസഭാ പരിധിയിലുള്ള രാമേശ്വരം വില്ലേജിലെ സർവ്വേ നമ്പർ 485, 488 എന്നിവയിൽ ഉൾപ്പെട്ട ജി.സി.ഡി.എ. (Greater Cochin Development Authority) വക 70 സെന്റ് സ്ഥലത്ത് രണ്ട് ബ്ലോക്കുകളിൽ നാല് നിലകളിലായി 88 ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഭവന സമുച്ചയം നിർമ്മിച്ച് പി. ആൻഡ് ടി. കോളനി നിവാസികളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതിക്ക് 15,84,80,000/- രൂപയുടെ ഭരണാനുമതി 11-07-2019-ലെ സർക്കാർ ഉത്തരവുപ്രകാരം നൽകുകയുണ്ടായി. ടി പദ്ധതിയിൽ യൂണിറ്റ് ഒന്നിന് 10.50 ലക്ഷം രൂപ നിരക്കിൽ ലൈഫ് മിഷനിൽ നിന്നും 1.50 ലക്ഷം രൂപ നിരക്കിൽ പി.എം.എ.വൈ. അർബനിൽ ഉൾപ്പെടുത്തി കുടുംബശ്രീയിൽ നിന്നും ബാക്കി സി.എസ്.ആർ. സ്പോൺസർഷിപ്പ് വഴി ജി.സി.ഡി.എ. കണ്ടെത്തിയുമാണ് നിർമ്മാണം നടത്തുന്നത്. ഇതിന്റെ നിർമ്മാണ ചുമതല ജി.സി.ഡി.എ.-യ്ക്കാണ്. ഗ്ലാസ് ഫൈബർ റയിൻഫോഴ്സ്ഡ് ജിപ്സം ബോർഡ് പാനൽ ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള പ്രീ ഫാബ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ്

തീരുമാനിച്ചിരുന്നത്. ഇതിലേയ്ക്കായി എഫ്.ആർ.ബി.എൽ. എന്ന സ്ഥാപനത്തിനെയാണ് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (പി.എം.സി.)ആയി ജി.സി.ഡി.എ. നിയമിച്ചിരുന്നത്. എന്നാൽ സാമ്പത്തിക ബാധ്യതകൾ കാരണം നിയമനടപടികൾ നേരിടുന്നതിനാൽ എഫ്.ആർ.ബി.എൽ.-ന് പി.എം.സി. ആയി തുടരാൻ സാധിക്കില്ലെന്ന് ജി.സി.ഡി.എ.-യെ രേഖാമൂലം അറിയിച്ചിരുന്നു. തുടർന്ന് ജി.സി.ഡി.എ. ടി ഭവനങ്ങളുടെ നിർമ്മാണം തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന പ്രവൃത്തി നടപ്പാക്കാനായി ലൈഫ് മിഷനോട് ആവശ്യപ്പെടുകയും ലൈഫ് മിഷൻ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ള നിർമ്മാണമാകയാൽ ഡിസൈനും ഗുണപരിശോധനയും ഐ.ഐ.ടി. നിലവാരത്തിലുള്ള വിദഗ്ദ്ധ ഏജൻസികൾ മുഖേന നടത്തണമെന്ന നിബന്ധനയോടുകൂടി എൻ.ഒ.സി. നൽകുകയും ചെയ്തു. ആയതിൻപ്രകാരം തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 20-01-2020-ന് കെട്ടിടത്തിന്റെ അടിത്തറ ഡിസൈൻ പരിശോധിക്കാൻ ഐ.ഐ.ടി.-യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ട് ലഭ്യമായാലുടൻ ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാക്കി ടെണ്ടർ നടപടികൾ

പൂർത്തീകരിച്ച് പണി ആരംഭിക്കുന്നതിന് ജി.സി.ഡി.എ.-യ്ക്ക് നിർദ്ദേശം നൽകുന്നതാണ്.